പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 835 — 30.10.2019-ൽ മറുപടിക്ക്

# ആദിവാസികൾക്കായുള്ള ഭൂമിവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭൂരഹിതരായ ആദിവാസികൾക്കായുള്ള ഭൂമിവിതരണപദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇതിനായി ആവശ്യമെങ്കിൽ ഭൂമി വിലകൊടുത്ത് വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ എന്നിവയാണ് ഭൂമി വിതരണം ചെയ്യുന്ന പ്രധാന പദ്ധതികൾ. ഭൂമി വിലയ്ക്ക് വാങ്ങുന്ന പദ്ധതി നിലവിലുണ്ട്. ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 03.03.2018-ലെ സ.ഉ(എം.എസ്)നം.21/2018/പജപവവിവ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഭൂമി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്ക് ശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, കാസർഗോഡ് ജില്ലകളിലെ 63.41 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ടി ഭൂമി ഉടൻ തന്നെ വാങ്ങി നൽകാൻ കഴിയുന്നതാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 3536 പേർക്ക് 3444.05 ഏക്കർ ഭൂമി വിവിധ പദ്ധതികളിലായി നൽകിയിട്ടുണ്ട്. |
| ബി) | ജില്ലാതലകമ്മറ്റികൾ അംഗീകരിച്ച എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിന്റെ മുന്നിലുണ്ട്; ഇതിനായി മൊത്തം | ബി) | കോട്ടയം (3.65 ഏക്കർ), എറണാകുളം (7.2 ഏക്കർ), പാലക്കാട് (8.02 ഏക്കർ), മലപ്പുറം (5.27 ഏക്കർ), വയനാട് (20.41 ഏക്കർ), കാസർഗോഡ് (18.86 ഏക്കർ) |

| | | | |
|---|---|---|---|
| | എത്ര ഹെക്ടർ ഭൂമി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ; | | എന്നിങ്ങനെ ആകെ 63.41 ഏക്കർ ഭൂമിയുടെ വിലനിർണ്ണയം കഴിഞ്ഞിട്ടുണ്ട്. അതിൽ 37.76 ഏക്കർ അംഗീകാരത്തിനായി സർക്കാരിലെ റവന്യൂ (ബി) വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ 10944 ഭൂരഹിതർ ഉള്ളതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. കുറഞ്ഞത് 25 സെന്റും പരമാവധി ഒരേക്കറും ഭൂമിയുടെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. |
| സി) | സുപ്രീംകോടതിവിധിപ്രകാരം ലഭിച്ച 2367 ഏക്കർ നിക്ഷിപ്തവനഭൂമിയിൽ ആദിവാസികൾക്ക് ഇതിനകം വനാവകാശരേഖ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | സുപ്രീം കോടതി വിധി പ്രകാരം ലഭിച്ച നിക്ഷിപ്തവന ഭൂമിയിൽ 2367 ഏക്കർ ഇതിനകം വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകിയിട്ടുള്ളതായി വനം വന്യജീവി വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വയനാട് (സൗത്ത് വയനാട് - 1484.37 ഏക്കർ, നോർത്ത് വയനാട് - 202.09 ഏക്കർ), പാലക്കാട് (681.56 ഏക്കർ) എന്നിങ്ങനെയാണ് കൈവശാവകാശം നൽകിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിശദ വിവരം. |
| ഡി) | എങ്കിൽ ഇവർക്ക് ഇതിനുപകരം പട്ടയംതന്നെ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി) | ഇവർക്ക് കൈവശാവകാശ രേഖയ്ക്ക് പകരം പട്ടയം നൽകുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.08.2019-ന് ചേർന്ന ഉന്നതതല യോഗം തീരുമാനിക്കുകയും തുടർനടപടി സ്വീകരിക്കുവാൻ അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ